(ബി) ഇതിന്റെ നിർമ്മാണത്തിനായി കേരള സർക്കാരും ഐ.എൽ. & എഫ്. എസ്. എന്ന സ്ഥാപനവും തുല്യ പങ്കാളിത്തത്തിൽ കേരള ഹൈസ്പീഡ് കോറിഡോർ കമ്പനി എന്ന പേരിൽ ഒരു എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി രൂപീകൃതമായശേഷമാണ് മേൽപ്പറഞ്ഞ രീതിയിൽ ഒരു വിശദമായ പദ്ധതി റിപ്പോർട്ട് ഉണ്ടാക്കുവാനുള്ള നടപടി സ്വീകരിച്ചത്.

അതിവേഗ പാത നിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി റിപ്പോർട്ട് ഉണ്ടാക്കുന്നതിനായി വിൽബർ സ്മിത്ത് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ നിയോഗിച്ചു. ഫീസിനത്തിൽ ആദ്യഗഡുവായി മേൽപ്പറഞ്ഞ സ്ഥാപനത്തിന് നൽകിയ 76,30,290 രൂപ ഉൾപ്പെടെ മൊത്തം 87,01,910 രൂപ ഇതിനായി ചെലവായി.

പി. ഡബ്ല്യു. ഡി. ഏറ്റെടുത്ത റോഡുകളുടെ പരിഷ്കരണ പ്രവർത്തനങ്ങൾ

45 [3027] *ശ്രീ. ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പി. ഡബ്ല്യു. ഡി. 2001-2005 വരെയുള്ള കാലയളവിൽ ഏതെല്ലാം റോഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഏറ്റെടുത്തു;

(ബി) അവയുടെ പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ?

ഉത്തരം

(എ) 2001-2005 കാലയളവിൽ കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുണ്ടായിരുന്ന ഒരു റോഡും തന്നെ പൊതുമരാമത്ത് വകുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കി ഏറ്റെടുത്തിട്ടില്ല. എന്നാൽ അനുബന്ധമായി ചേർത്തിട്ടുള്ള റോഡുകൾ ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.†

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കി റോഡുകൾ ഭൗതികമായി ഏറ്റെടുത്തശേഷം ഘട്ടംഘട്ടമായി ഫണ്ടിന്റെ ലഭ്യതയ്ക്കുള്ളിൽനിന്നുകൊണ്ട് പരിഷ്കരണ നടപടികൾ ഏറ്റെടുക്കുന്നതാണ്.

കെ. എസ്. ടി. പി. പദ്ധതി പ്രകാരമുള്ള റോഡ് നിർമ്മാണം

46 [3028] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
,, *എം. മുരളി:*
,, *കെ. ബാബു:*
,, *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly